(ബി, സീ) പരിഷ്ക്കരിച്ച ആ പദ്ധതി ഒന്നുമുതൽ അഞ്ചു ക്ലാസുകളിലും ഒന്നാം ഫാറത്തിലും നാലാം ഫാറത്തിലും നടപ്പിലാക്കുന്നതിനുള്ളതാണു്. അടുത്ത വർഷംമുതൽ പ്രീയൂണിവേഴ്സിറ്റി ക്ലാസു തുടങ്ങാൻ യൂണിവേഴ്സിറ്റിയും വേണ്ട നടപടികളും എടുത്തുവരികയാണു്.

ശ്രീ. സി. എ. മാത്യു : ഇപ്പോൾ പുതുതായി വരുത്തിയിട്ടുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു വിശദമായി എഡ്യൂക്കേഷൻ ബഡ്ജറ്റു വരുമ്പോൾ പറയുന്നതായിരിക്കും നല്ലതു്.

ക്വിന്റലിന്റെ വിലയ്ക്കു നെല്ലു വാങ്ങുന്നതിനുള്ള നിർദ്ദേശം.

* 10. [10] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരെ സഹായിക്കുന്നതിലേയ്ക്കായി കൃഷിക്കാരിൽ നിന്നും സർവ്വണ്മെന്റു ഒരു ക്വിന്റൽ വിലയ്ക്കു് നെല്ലു് വാങ്ങേണ്ടതാണെന്നു കാണിച്ചു്, സംസ്ഥാനഗവണ്മെന്റിനു കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകളന്മേലാണു് നെല്ലു് വാങ്ങുന്നതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) കർഷകരെ സഹായിക്കുന്നതിനുവേണ്ടി അവരിൽനിന്നും ഒരു ക്വിന്റൽ വിലയ്ക്കു നെല്ലുവാങ്ങുന്നതു സംബന്ധിച്ചു കേന്ദ്രഗവണ്മെന്റിൽ നിന്നും സംസ്ഥാനഗവണ്മെന്റിനു ചില നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടു്.

(ബി) റെയിൽവേസ്റ്റേഷൻ ഉള്ള സ്ഥലങ്ങളിൽ ഒരുമണ്ണു നെല്ലിനു് ($82\frac{2}{7}$ റാത്തൽ തൂക്കം) 6 രൂപ 14 അണ വിലനിരക്കിനു് (അതായതു് പറ ഒന്നുക്കു് 1 രൂപ 6 അണ പ്രകാരം) കർഷകരിൽനിന്നും സംസ്ഥാനഗവണ്മെന്റു് വാങ്ങി കേന്ദ്രഗവണ്മെന്റിനുവേണ്ടി നെല്ലു സംഭരിക്കണമെന്നാണു് നിർദ്ദേശം. സ്വതന്ത്രവിപണികളിൽ നെല്ലിന്റെ വില കുറവാകുമ്പോൾ നെല്ലു വാങ്ങാനാണു് ഗവണ്മെന്റു് ഉദ്ദേശിച്ചിരിക്കുന്നതു്. സ്വതന്ത്രവിപണികളിൽ നെല്ലിന്റെ ഇപ്പോഴുള്ള വില മേൽപ്പറഞ്ഞ നിരക്കിൽനിന്നു വളരെ കൂടിയിരിക്കുന്നതിനാൽ ഈ പദ്ധതി ഇപ്പോൾ നടപ്പിൽവരുത്തിയിട്ടില്ലാത്തതാകുന്നു. ഈ പദ്ധതിയനുസരിച്ചു ചമ്പാവു മുതലായ ചുവന്നഇനം അരി കിട്ടുന്നതായ നെല്ലു് ഇൻഡ്യാഗവണ്മെന്റിന്റെ ആവശ്യത്തിനായി വാങ്ങുന്നതല്ല. വെള്ള അരി കിട്ടുന്ന മറ്റിനം നെല്ലുമാത്രമേ വാങ്ങുകയുള്ളൂ.

ശ്രീ. സി. എ. മാത്യു : ഈ ഒരു രൂപ ആറണ എന്നുള്ളതു് വളരെ കുറവാണെന്നു ഇൻഡ്യാഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അറിയിച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഈ ഒരുരൂപ ആറണയ്ക്കു് നെല്ലുവിറ്റാൽ കൂലിച്ചെലവിനു മതിയാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : മന്നിനു് 11 രൂപയ്ക്കു് അരി കിട്ടണമെന്നാണു് ഇൻഡ്യാഗവണ്മെൻറു് എഴുതിയിട്ടുള്ളതു്. ഏകദേശം 11 അണ ട്രാൻസ്പോർട്ടിനും മില്ലിംഗിനുമായി ചെലവുവരും. ഇതുകുറച്ചു് ബാക്കി 10 രൂപ 5 അണയ്ക്കു് റയിൽവേസ്റ്റേഷനിൽ കൊടുക്കണം. ഒരു മണ്ണെന്നു പറയുന്നതു് ഏഴരപറ നെല്ലുവരും. ഏഴരപറ നെല്ലു് റയിൽവേസ്റ്റേഷനിൽ കൊണ്ടുകൊടുക്കുമ്പോൾ 10 രൂപ 5 അണയാണു് വില ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. ഇങ്ങനെ നെല്ലു ശേഖരിക്കണമെന്നാണു് ഇൻഡ്യാഗവണ്മെൻറു പറഞ്ഞിരിക്കുന്നതു്. ഇവിടെ ചമ്പാവരിക്കു് നാഗർകോവിൽ ചാക്കിനു് 31 രൂപ 6 അണ മുതൽ 35 രൂപ 14 അണ വരെ വിലയുണ്ടു്. ആലപ്പുഴെ പുഴക്കലരിക്കു് 27 രൂപ മുതൽ 32 രൂപ വരെ വിലയുണ്ടു്. അതുകൊണ്ടു് തൽക്കാലം ഇൻഡ്യാഗവണ്മെൻറു പറഞ്ഞിരിക്കുന്ന വിലവച്ചു് നെല്ലുവാങ്ങാൻ നിവൃത്തിയില്ല. ഇവിടെ വില കൂടുതലാണെന്നു അറിയിച്ചിട്ടുണ്ടു്.

ഗെയിം ഫീസു്.

* 11. [11] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955-56 വിദ്യാലയ വർഷത്തിൽ ഗെയിം ഫീസിനത്തിൽ സ്റ്റോറിലെ ഹൈസ്കൂളുകളിൽ നിന്നുള്ള മൊത്തം വരവെത്ര ; പ്രൈവറ്റു് സ്കൂളുകളിൽനിന്നെത്ര ; ഡിപ്പാർട്ടുമെൻറു സ്കൂളുകളിൽ നിന്നെത്ര ;

(ബി) ഈ കാലയളവിലേയ്ക്കു് സ്റ്റോറിലെ മിഡിൽസ്കൂളുകളിൽ നിന്നും ഈ ഇനത്തിൽ എത്ര വരവുണ്ടായി ; ഡിപ്പാർട്ടുമെൻറു സ്കൂളുകളിൽ നിന്നെത്ര ; പ്രൈവറ്റുസ്കൂളുകളിൽനിന്നെത്ര ;

(സി) ഈ വക തുകയുടെ വിനിയോഗത്തെ നിയന്ത്രിക്കുന്ന വ്യക്തമായ നിയമങ്ങളും നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ ; വേണ്ടുന്ന നിയമങ്ങളും നിലവിലില്ലെങ്കിൽ ഉടനടി ആവശ്യമായ വ്യവസ്ഥകളും ഏർപ്പെടുത്തുവാൻ ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും മുഴുവനും ശേഖരിക്കാൻ വേണ്ടിടത്തോളം സമയം കിട്ടിയില്ല. വളരെ ഏറെ സ്കൂളുകളിൽനിന്നും കണക്കുകളും ശേഖരിക്കേണ്ടതുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : (സി)-യുടേയും (ഡി)-യുടേയും ഉത്തരം കിട്ടിയാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (സി)-യും (ഡി)-യും ഈ വക തുകകളുടെ വിനിയോഗത്തെ നിയന്ത്രിക്കുന്ന വ്യക്തമായ നിയമങ്ങളും നിലവിലുണ്ടു്. അതുകൊണ്ടു് വേറെ നിയമങ്ങളും ഉണ്ടാക്കേണ്ട പ്രശ്നം ഉദിക്കുന്നില്ല. ഇതുസംബന്ധിച്ചു് പല ആക്ഷേപങ്ങളും ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly